വചനഭാഷ്യം
അൽമായ വീക്ഷണത്തിൽ

Laity Reflect on
Syro-Malabar Sunday Mass
SCRIPTURE READINGS

7-ാം വർഷം

MALAYALAM - http://homilieslaity.com | ENGLISH (for Children) - http://gospelreflectionsforkids.com

2023
ഒക്ടോബർ 01

വി. കൊച്ചുത്രേസ്യയുടെ തിരുനാൾ

ദൈവസ്നേഹത്തിന്റെ ചുതുർമാനങ്ങൾ അളന്നവൾ

നിയമ 32:8-12, ഏശ 66:12-18, എഫേ 3:14-19, മത്താ 18:1-5

ലോകത്തിലെ ആദ്യത്തെ കമ്പ്യൂട്ടറിന് 30 ടൺ ഭാരവും 1500 ചതുരശ്രയടി വീടിന്റെ വിസ്തീർണവും ഉണ്ടായിരുന്നു. കാലം കടന്നു പോയപ്പോൾ കമ്പ്യൂട്ടറിന് മടിയിൽ വയ്ക്കാവുന്ന ലാപ്ടോപ്പിന്റെയും പിന്നീട് പോക്കറ്റിൽ തിരുകാവുന്ന സ്മാർട്ട് ഫോണിന്റെയും വലുപ്പം കൈവന്നു. സ്മാർട്ട് വാച്ചിലൊതുങ്ങുന്നതും ചിപ്പിന്റെ വലുപ്പമുള്ളതുമായ കമ്പ്യൂട്ടറുകൾ ഇന്നുണ്ട്. ഇത് തന്നെയാണ് ക്യാമറയുടെ കാര്യവും. ഒരു മുറിയുടെ വലുപ്പമുണ്ടായിരുന്ന ആദ്യത്തെ ക്യാമറയിൽ നിന്നു പോക്കറ്റിലിടാവുന്ന സ്മാർട്ട് ഫോണിലേക്കും വസ്ത്രത്തിലൊളിപ്പിക്കാവുന്ന ബട്ടണിലേക്കുമെല്ലാം കുരുത്തുറ്റ ക്യാമറകൾ ചുരങ്ങിയിരിക്കുന്നു. എന്നാൽ അതോടൊപ്പം അവയുടെ ശക്തിയും ക്ഷമതയും മികവും വർദ്ധിച്ചു.

ഇതാണ് ശാസ്ത്രീയമായി വികസിപ്പിക്കപ്പെട്ട ഏതാണ്ട് എല്ലാ ഉപകരണങ്ങളുടെയും ചരിത്രം. സാങ്കേതിക വിദ്യ വളരുന്തോറും ഉപകരണങ്ങൾ ചെറുതാകുന്നതാണ് പതിവ്. ചെറുതാകലാണ് സാങ്കേതികതയുടെ വളർച്ചയുടെ അടയാളം. ഒരു മൺതരിയോളം പോന്ന ചിപ്പിലേക്ക് വളരുകയാണ് ലക്ഷ്യം. ചെറുതാകൽ നിലവാരത്താഴ്ചയല്ല, ഉത്കൃഷ്ടതയുടെയും സ്ഫുടം ചെയ്യലിന്റെയും ലക്ഷണമാണ്. Brevity is the soul of wit എന്ന ഷേക്സ്പിയറിയൻ ചിന്ത ഓർക്കുക.

ഇന്നത്തെ സുവിശേഷത്തിൽ യേശു വ്യക്തമായി പറയുന്നുണ്ട്, ഈ ശിശുവിനെ പോലെ സ്വയം ചെറുതാകുന്നവനാണ് സ്വർഗരാജ്യത്തിലെ ഏറ്റവും വലിയവൻ എന്ന്. ചെറുതാകുക എന്നാൽ ചിലർ കരുതുന്നതു പോലെ പിന്നിലേക്ക് സഞ്ചരിക്കുക, ബുദ്ധിശക്തിയും ചിന്താശക്തിയും ഉപേക്ഷിക്കുക എന്നതൊന്നുമല്ല. വീടിന്റെ വലുപ്പമുള്ള, പഴയതും

അഭിലാഷ് ഫ്രേസർ

അവികസിതവുമായ കമ്പ്യൂട്ടറിൽ നിന്ന് ഏറ്റവും മുന്തിയ സാങ്കേതികതയുള്ള ചിപ്പിന്റെ വലുപ്പത്തിലേക്ക് 'ചെറുതായി വലുതാകുക' എന്നാണ്. ഔഷധ മേഖലയിൽ സ്ഫുടം ചെയ്ത്, കാച്ചിക്കുറുക്കി ശക്തി പതിന്മടങ്ങാക്കുന്ന ഒരു പ്രക്രിയ ഉണ്ടല്ലോ. ഏതാണ്ട് അതു പോലൊക്കെ തന്നെ.

ഇന്നു നമ്മൾ തിരുനാളാഘോഷിക്കുന്ന ചെറുപുഷ്പം എന്നറിയപ്പെടുന്ന വി. കൊച്ചുത്രേസ്യ, യാതൊരു കഴിവുമില്ലാതിരുന്ന ഒരു പാവം മിണ്ടാമഠം കന്യാസ്ത്രീ ആണെന്ന് നിങ്ങൾ ധരിക്കുന്നുണ്ടോ? എങ്കിൽ നിങ്ങൾക്ക് തെറ്റി. ഒന്നാന്തരമായി കവിതയെഴുതിയിരുന്ന, അതിമനോഹരമായ കൈപ്പടയുണ്ടായിരുന്ന, അസാധാരണമായ ചിന്താശക്തിയും ഉൾക്കാഴ്ചയും ഉണ്ടായിരുന്ന, നാടകത്തിൽ അഭിനയിച്ചിരുന്ന (ജോവൻ ഓഫ് ആർക്ക് എന്നൊരു നാടകത്തിൽ വിശുദ്ധ വേഷമിട്ടു നിൽക്കുന്ന ചിത്രമുണ്ട്) ഒരു ധിഷണാശാലിയായിരുന്നു അവർ. Story of A Soul എന്ന ആത്മകഥ ഒന്നെടുത്ത് വായിച്ചു നോക്കണം. അതിലാവണ്യമാർന്ന ഭാഷ. സുന്ദരമായ കൈപ്പട (കൈപ്പടയുടെ ചിത്രങ്ങൾ ചില എഡീഷനുകൾ കൊടുത്തിട്ടുണ്ട്). ഒന്നു ചിന്തിച്ചു നോക്കൂ. അല്ലെങ്കിൽ അവരെ, അഗസ്റ്റിനെയും അക്വിനാസിനെയും പോലെയുള്ള മഹാബുദ്ധിശാലികൾ വാഴുന്ന തിരുസഭയുടെ വേദപാരംഗതരുടെ ഗണത്തിൽ ഉൾപ്പെടുത്തുമോ?

ദൈവകൃപ സ്ഫുടം ചെയ്തെടുത്ത ഒരു ആത്മാവായിരുന്നു വി. കൊച്ചുത്രേസ്യ. മിണ്ടാമഠത്തിൽ സ്വയം ഗൂഢയായതു കൊണ്ടാവാം ഒരു പക്ഷേ അവർ അക്കാലത്തെ കവികളുടെ ഗണത്തിൽ പെടാതെ പോയത്. എങ്കിൽ പോലും, സൂപ്പീരിയറുടെ നിർബന്ധത്തിനു വഴങ്ങി അവർ സ്വന്തം ഉൾക്കാഴ്ചകളുടെ ചെപ്പു തുറന്നിട്ടപ്പോൾ ചിന്തിയ വർണരേണുക്കൾ ആത്മീയതയുടെ ലോകത്തിൽ പുതിയ വസന്തങ്ങൾ വിരിയിച്ചു. ചെറുതാകലിലൂടെ ഈ പ്രപഞ്ചത്തോളം വളരാൻ കഴിയും എന്ന് പഠിപ്പിച്ച 'ആത്മീയ കുറുക്കുവഴി' കോടിജന്മങ്ങൾക്ക് ആത്മീയവെട്ടമായി മാറി.

കൊച്ചുത്രേസ്യയെ കുറിച്ച് ഒരു കഥ കേട്ടിട്ടുണ്ട്. അവൾ തീരെ ചെറിയ കുട്ടിയായിരുന്ന കാലത്ത് ആരോ കുറേയേറെ സമ്മാനങ്ങൾ മുന്നിൽ നിരത്തി വച്ചിട്ടു ചോദിച്ചു. ഇതിൽ ഏത് വേണം? 'എനിക്ക് എല്ലാം വേണം!' എന്നു പറഞ്ഞ് അവൾ എല്ലാമെടുത്തുവത്രേ! അവൾക്ക് എല്ലാം വേണമായിരുന്നു. അതിന് അവൾ കണ്ടെത്തിയ മാർഗമാണ് ആ കുറുക്കുവഴി. ചതുരംഗത്തിൽ ജയിക്കാൻ രാജാവിനെ വീഴ്ത്തിയാൽ മതി എന്ന് മനസ്സിലാക്കിയ അവൾ നേരെ ചെന്ന് രാജാവിനെ വീഴ്ത്തിയ ചരിത്രമാണ് അവളുടെ ആത്മകഥ. അവൾ വീഴ്ത്തിയ രാജാവാകട്ടെ, പ്രപഞ്ചത്തിന്റെ തമ്പുരാനും!

ആത്മകഥയിൽ അവൾ പറയുന്നുണ്ട്: എനിക്ക് യേശുവിന് വേണ്ടി രക്തസാക്ഷി ആകണമായിരുന്നു, പ്രവാചിക ആകണമായിരുന്നു, വേദപാരംഗതയാകണമായിരുന്നു, കടലുകളേഴും കടന്ന് ചെന്ന് സുവിശേഷം പ്രഘോഷിക്കുന്ന മിഷണറി ആകണമായിരുന്നു, തിരുബലി നിത്യവും അർപ്പിക്കുന്ന വൈദികനാകണമായിരുന്നു, ആത്മാക്കളെ നേടുന്ന കുമ്പസാരക്കാരനാകണമായിരുന്നു... അവൾക്ക് എല്ലാമാകണമായിരുന്നു. യേശുവിനോടുള്ള സ്നേഹത്തെ പ്രതി എല്ലാം! അപ്പോഴാണ് അവൾ ആ രഹസ്യം കണ്ടു പിടിച്ചത്. ചതുരംഗം ജയിക്കണമെങ്കിൽ കാലാളുകളെയും കുതിരയെയും തേരിനെയും ഒന്നും വീഴ്ത്താൻ മെനക്കെട്ട് സമയം കളയേണ്ട കാര്യമില്ല, നേരെ ചെന്ന് രാജാവിനെ വീഴ്ത്തിയാൽ മതി! അവൾ നേരെ ചെന്ന് ഹൃദയത്തിൽ തൊട്ടു. മറ്റൊരുവിധത്തിൽ പറഞ്ഞാൽ ഏറ്റവും കാതലായതിനെ തൊട്ടു.

യേശുവിനോടുള്ള സ്നേഹമില്ലാതെ ആരും രക്തസാക്ഷിയാകുന്നില്ല, പ്രവാചകനോ വേദപാരംഗതനോ വചനപ്രഘോഷകനോ കുമ്പസാരക്കാരനോ വൈദികനോ ആകുന്നില്ല. അപ്പോൾ എല്ലാത്തിന്റെയും അടിസ്ഥാനം, കാതൽ, ഹൃദയം സ്നേഹമാണ്. പൗലോസ് പറയുന്ന ആ മഹാരഹസ്യത്തിന്റെ പൊരുൾ അവളുടെ കുശാഗ്രബുദ്ധി മനസ്സിലാക്കി. മറ്റെല്ലാം മാഞ്ഞു പോകുന്നു. എന്നാൽ വിശ്വാസം, ശരണം, സ്നേഹം എന്നിവ നിലനിൽക്കുന്നു. അതിൽ സ്നേഹമാണ് സർവോൽകൃഷ്ടം! അവൾ അത് തന്നെ എടുത്തു. അപ്പോൾ അവൾക്ക് എല്ലാം ലഭിക്കുകയും ചെയ്തു! ഇതാണ് കുറുക്കുവഴി. ഏറ്റവും ചെറിയ പ്രവൃത്തി പോലും പാഴാക്കാതെ അതെല്ലാം ദൈവസ്നേഹത്തെ പ്രതി ചെയ്യുക. അപ്പോൾ അവയെല്ലാം സ്നേഹത്താൽ അഭിഷേകം ചെയ്യപ്പെട്ട് അമൂല്യങ്ങളായി മാറും!

ഇത്ര ചെറുതാകാൻ എത്ര വളരേണം! ഇത്ര സ്നേഹിക്കാൻ എന്തു വേണം!

എന്ന ഗാനത്തിന്റെ വരികൾ പോലെ ചെറുതാകൽ വളർച്ചയുടെ അടയാളമാണ്. സ്ഫുടം ചെയ്ത് നേർപ്പിക്കലാണ്. കാച്ചിക്കുറുക്കലാണ്. സ്നേഹത്തിന്റെ ഏറ്റവും സ്ഫുടം ചെയ്യപ്പെട്ട രൂപമാണല്ലോ പരിശുദ്ധ കുർബാന എന്ന കുഞ്ഞപ്പം.

മാനസാന്തരപ്പെട്ട് ശിശുക്കളെ പോലെ ആകുക എന്നാണ് യേശു സുവിശേഷത്തിൽ പറയുന്നത്. മാനസാന്തരം ഒരു തരം സ്ഫുടം ചെയ്യലാണ്. നിത്യജീവൻ അവകാശമാക്കാൻ നീ വീണ്ടും ജനിക്കണം എന്ന് യേശു പറയുമ്പോൾ നിക്കൊദേമൂസ് ചോദിക്കുന്നു, ഞാൻ എന്റെ അമ്മയുടെ ഉദരത്തിൽ പ്രവേശിച്ച് വീണ്ടും ജനിക്കണമോ? ഈ ഭാഗത്തോട് ചേർത്ത് വായിക്കുമ്പോൾ മാനസാന്തരപ്പെട്ട് ശിശുക്കളെ പോലെ ആകുക എന്ന വചനത്തിന് വ്യക്തത ലഭിക്കും. അമ്മയുടെ ഉദരത്തിൽ വീണ്ടും ജനിക്കലോ ബാല്യ കാലത്തിലേക്ക് നൊസ്റ്റു അടിച്ചു പോകലോ ഒന്നുമല്ല ശിശുവിനെ പോലെ ചെറുതാകുക എന്നതിന്റെ അർത്ഥം. മനസ്സിനെ സ്ഫുടം ചെയ്യൽ തന്നെയാണത്. കാപട്യങ്ങളും കള്ളങ്ങളും ദുരാസക്തികളും മറ്റെല്ലാ തിന്മകളുമാകുന്ന ഉടയാടകൾ ഓരോന്നോരോന്നായി ഊരിമാറ്റി, സ്നേഹം എന്ന അഗ്നിയിൽ ദഹിപ്പിച്ച് ശുദ്ധമാകുക എന്നതാണത്. അതാണ് മാനസാന്തരം.

ശിശു ആരാണ്? ദൈവത്തിന്റെ മനസ്സിൽ നാം ഓരോരുത്തരും ശിശുക്കളാണ്. എത്ര വളർന്നാലും അമ്മയുടെ മനസ്സിൽ നാം ശിശുക്കളാണ് എന്നതു പോലെ. അത് നമ്മെ കുറിച്ചുള്ള

ദൈവത്തിന്റെ സങ്കൽപമാണ്, സ്വപ്നമാണ്. ശിശു എപ്പോഴും അമ്മയുടെ ഇടനെഞ്ചോട് ചേർന്നു കിടക്കുന്നു, അമ്മയെ വിട്ടു പോകാതെ. എന്നാൽ നമ്മൾ വളരുന്തോറും അമ്മയെ വിട്ടു ദൂരെ പോകുന്നു. അമ്മയെ വിട്ടുള്ള യാത്രകളാണ് പാപം. ദൈവത്തിന്റെ ഇടനെഞ്ച് വിട്ടുപേക്ഷിച്ചുള്ള യാത്രകളാണ് ധൂർത്തജീവിതം. എത്രയകന്നു പോയാലും ദൈവത്തിന്റെ അമ്മമനസ്സിൽ നമ്മുടെ ഒരു ശിശുരൂപം ബാക്കി കിടക്കുന്നുണ്ട്. ഒരു ശിശുബിംബം. അത് നമുക്കും ദൈവത്തിനുമിടയിലെ പിതൃപുത്ര ബന്ധമാണ്. ദൈവമനസ്സിലെ ആ ശിശുവിനെ ഓർത്തെടുക്കലാണ്, ദൈവത്തിന്റെ മാനസശിശു ശാന്തമായുറങ്ങുന്ന സവിധത്തിലേക്ക് മനസ്സു കൊണ്ടുള്ള യാത്രയാണ് മാനസാന്തരം.

കൊച്ചുത്രേസ്യ എന്നും ഒരു ശിശു ആയിരുന്നു എന്നു പറയുമ്പോൾ ഇതു തന്നെയാണർത്ഥം. ദൈവത്തിന്റെ ഇടനെഞ്ചിൽ അവളെ കുറിച്ചുള്ള ശിശുബിംബം അവൾ വളരെ നേരത്തെ മനസ്സിലാക്കി. അവൾ ഒരിക്കലും ആ ഇടനെഞ്ച് വിട്ടുപേക്ഷിച്ചു പോയതുമില്ല. ദൈവത്തിന്റെ മാറിൽ ചായുറങ്ങുന്നവരുടെ സുരക്ഷിതത്വവും ആനന്ദവും അവൾ ജീവിതകാലം മുഴുവൻ അനുഭവിച്ചു, ആസ്വദിച്ചു. ദൈവപിതാവിന്റെ ഇടനെഞ്ചിൽ എന്നും ഒരു ശിശുവായിരിക്കുക. അതാണ് കൊച്ചുത്രേസ്യയുടെ ജീവിതവും സന്ദേശവും.

ഇന്നത്തെ മറ്റൊരു വായനയിൽ പൗലോസ് പറയുന്നതു പോലെ 'ക്രിസ്തുവിന്റെ സ്നേഹത്തിന്റെ നീളവും വീതിയും ഉയരവും ആഴവും' ഗ്രഹിച്ചവരിൽ ഒരുവളായിരുന്നു കൊച്ചുത്രേസ്യ. ഈ സ്നേഹത്തിന്റെ ചുതുർമാനങ്ങൾ അളക്കാൻ ഒരു ശാസ്ത്രജ്ഞയെ പോലെ അവൾ സ്വജീവിതം കൊണ്ട് പരീക്ഷണങ്ങൾ നടത്തുകയായിരുന്നു. വിശ്രമമില്ലാത്ത പരീക്ഷണങ്ങൾ. സ്നേഹമളക്കാൻ

അവൾ തെരഞ്ഞെടുത്ത മാർഗം അത്ര സങ്കീർണമൊന്നുമായിരുന്നില്ല, സ്നേഹിക്കുക എന്നതായിരുന്നു, അത്. നിരുപാധികമായി സ്നേഹിക്കുക. പരിപൂർണമായ സമർപ്പണത്തോടെ, ആശ്രയബോധത്തോടെ സ്നേഹിക്കുക. അത്ര ലളിതമാണത്.

അനാവശ്യമായി സങ്കീർണമാക്കപ്പെടുന്ന ആത്മീയ വിപണികളുടെ ഈ കാലഘട്ടത്തിൽ, ആ ലാളിത്യത്തിലേക്കാണ് നമുക്ക് മടങ്ങേണ്ടത്. പൗലോസിന്റെ വാക്കുകൾ കടമെടുത്ത് വീണ്ടും പറയുന്നു, എല്ലാ ആത്മീയ ജാലവിദ്യകളും കടന്നു പോകും. എന്നാൽ വിശ്വാസം, ശരണം, സ്നേഹം എന്നിവ നിലനിൽക്കും. അതിൽ സ്നേഹമാണ് സർവോല്കൃഷ്ടം. ഈ രഹസ്യം കണ്ടെത്തിയവർ ഭാഗ്യവാന്മാരും ഭാഗ്യവതികളും. വി. കൊച്ചുത്രേസ്യയെ പോലെ.

പ്രിയപ്പെട്ട വിശുദ്ധയുടെ തിരുനാളിൽ എല്ലാവർക്കും സ്നേഹം!

▲ Editors : Rev. Dr. GEORGE NELLISSERY email: nellisseryg@gmail.com | Rev. VARGHESE KANNAMPILLY email: baijukannampilly@gmail.com
▲ Co-ordinator : SHIJU ACHANDY email: shijuachandy@gmail.com ▲ WEB Hosting : JIJO PANTHALLOOR www.Veeble.com
▲ Layout and Composing : BLYTH GRAPHICS email: blythbiju@gmail.com ▲ Publisher : Rev. PAUL KOTTACKAL (Sr.) email: frpaulkottackal@gmail.com